(ബി) ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് ഇപ്രകാരമുള്ള ആനുകൂല്യം എത്ര പേർക്ക് ലഭിക്കാനിടയുണ്ട് എന്ന് വ്യക്തമാക്കുമോ ; കൂടുതൽ പേർക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കാൻ സാധ്യതയുണ്ടോ ;

(ഡി) ഈ സർക്കാർ കാലാവധി പൂർത്തിയാക്കുന്നതിനു മുമ്പ് ഇക്കാര്യത്തിൽ തീരുമാനം ഉണ്ടാകുമോ ?

ഉത്തരം

(എ) കേരള സംസ്ഥാനത്തെ പട്ടികജാതി/പട്ടിവർഗ്ഗ പരിവർത്തിത ക്രൈസ്തവ ജനവിഭാഗങ്ങൾ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശികയായതുമായ 25,000 രൂപ വരെയുള്ള വായ്പകൾ പലിശയും പിഴപ്പലിശയുമുൾപ്പെടെ എഴുതിതള്ളുന്നതിനും അതിനു മുകളിലുള്ള തുകയ്ക്ക് പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനുമായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി സഹകരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നതിനായി 68.75 കോടി രൂപ സഹകരണ വകുപ്പിന് സർക്കാർ അനുവദിച്ച് നൽകിയിട്ടുമുണ്ട്. അതിൽ നിന്നും പദ്ധതി നടത്തിപ്പിനായി വകുപ്പുതല പരിശോധനയിൽ അർഹത ഉണ്ടെന്ന് കണ്ടെത്തിയ 59.86 കോടി രൂപ സഹകരണ സംഘങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ നൽകിയിട്ടുണ്ട്.

(ബി) ഇതിനായി 68.75 കോടി രൂപ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്.

(സി) ഈ പദ്ധതിപ്രകാരം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് അർഹത നേടിയതുമായ 1,04,466 വായ്പകളിലായി ആകെ 115.23 കോടി രൂപയുടെ ആശ്വാസം അനുവദിക്കുകയും അതിൽ സർക്കാർ ബാധ്യതയായി 59.86 കോടി രൂപ സഹകരണ സംഘം രജിസ്ട്രാർ സംഘങ്ങൾക്ക് ആദ്യഗഡുവായി അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ആനുകൂല്യം ലഭിക്കാനിടയുള്ളവരുടെ കൃത്യമായ കണക്ക് ഇപ്പോൾ ലഭ്യമല്ല. കൂടാതെ ഈ പദ്ധതിയിൽ കൂടുതൽ പേർക്ക് ആനുകൂല്യം ലഭിക്കുവാനുള്ള സാധ്യതയുണ്ട്.

(ഡി) ഈ പദ്ധതിക്കായുള്ള ഉത്തരവിലെ വ്യവസ്ഥകൾക്കനുസരിച്ച് ഈ സർക്കാർ കാലാവധി പൂർത്തിയാക്കുന്നതിനു മുൻപ് ലഭിക്കുന്ന അപേക്ഷകളിൽ അർഹത പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സഹായം നൽകാനുള്ള പദ്ധതികൾ

97(2349) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സഹായം നല്കാനുള്ള ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതികൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓരോ വർഷവും എന്തു തുക വീതം നീക്കിവച്ചിരുന്നു ; എന്തു തുക വീതം ചെലവഴിച്ചു ;

(സി) ഓരോ വർഷവും എത്ര വിദ്യാർത്ഥികൾക്ക് വീതം ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്നതിന്റെ കണക്ക് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് സഹായം നൽകാനുള്ള പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ഒന്നായി ചേർക്കുന്നു.* പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) വിവിധ പദ്ധതികൾ പ്രകാരം പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് പഠനത്തിന് പട്ടികജാതി വിദ്യാർത്ഥികൾക്ക് ചെലവായ തുകയുടെ വിശദവിവരം പട്ടികാരൂപത്തിൽ ചുവടെ ചേർക്കുന്നു.

പ്രീ-മെട്രിക് പഠനം

വർഷം	അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2006-07	1400	1209.49
2007-08	1440	1268.07
2008-09	1750	1666.28
2009-10	1950	1645.35
2010-11	1950	1436.85

പോസ്റ്റ് മെട്രിക് പഠനം

വർഷം	അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2006-07	7500	7334.92
2007-08	9600	8962.14
2008-09	12300	11184.59
2009-10	12500	11057.9
2010-11	11300	10462.74
		31-1-2011 വരെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥികൾക്കുള്ള ഫീസാനുകൂല്യം

വർഷം	അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2006–07	150	149.87
2007–08	999.42	993.66
2008–09	750	749.77
2009–10	1130	800
2010–11	330	പോസ്റ്റ് മെട്രിക് ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നു.

മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം

വർഷം	അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2006–07	500	333.76
2007–08	357	244.87
2008–09	407.3	290.53
2009–10	461.78	396.81
2010–11	550	348.52
		31–1–2011 വരെ

സ്പോർട്സിലും ഗയിംസിലും പ്രകടന നിലവാരം ഉയർത്തൽ

വർഷം	അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2006–07	60	53.77
2007–08	100	99.79
2008–09	100	99.52
2009–10	120	106.71
2010–11	150	77.17
		31–1–2011 വരെ

LIBRARY ARCHIVES Kerala Legislative Assembly

വൃത്തിഹീന തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കുള്ള ആനുകൂല്യം

വർഷം	അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2006-07	20	12.94
2007-08	20	14.01
2008-09	20	13.01
2009-10	28.87	27.67
2010-11	20	17.57
		17-2-2011 വരെ

പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം ഉയർത്തൽ

വർഷം	അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2006-07	3	2.94
2007-08	5	1.96
2008-09	5	1.54
2009-10	5	2.62
2010-11	5	1.91
		31-1-2011 വരെ

(CREST)

വർഷം	അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2006-07	115	65.01
2007-08	100	100
2008-09	100	100
2009-10	100	100
2010-11	100	...
		31-1-2011 വരെ

LIBRARY ARCHIVES Kerala Legislative Assembly

സാങ്കേതിക വിഭാഗങ്ങളിലെ അപ്രന്റീസ് പരിശീലനം (2010 വരെ)

വർഷം	അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2006-07	35	25.02
2007-08	30	26
2008-09	75	25.97
2009-10	55	54.95

ഉത്പാദന പരിശീലന കേന്ദ്രങ്ങൾ

വർഷം	അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2006-07	75	54.95
2007-08	75	62.85
2006-08	75	55.12
2009-10	95	78.07
2010-11	350	113.8
		31-1-2011 വരെ

നൈപുണ്യമുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം

വർഷം	അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2006-07	100	63.86
2007-08	70	69.68
2006-09	100	98.65
2009-10	163.91	159.56
2010-11	175	117.37
		31-1-2011 വരെ

LIBRARY ARCHIVES Kerala Legislative Assembly

പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നടത്തിപ്പ്

വർഷം	അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2006-07	220	160.36
2007-08	250	157.25
2008-09	292.7	...
2009-10	230.5	207.18
2010-11	400	139.13
		31-1-2011 വരെ.

പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ

വർഷം	അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2006-07	10	ഇല്ല
2007-08	95	ഇല്ല
2008-09	50	ഇല്ല
2009-10	2	1.09
2010-11	50	1.96

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷം ആനുകൂല്യം ലഭിച്ച പ്രീ-മെട്രിക് പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ വിവരം ചുവടെ ചേർക്കുന്നു :

വർഷം	പ്രീ മെട്രിക് വിദ്യാർത്ഥികളുടെ എണ്ണം	പോസ്റ്റ് മെട്രിക് വിദ്യാർത്ഥികളുടെ എണ്ണം
2006-07	437563	100303
2007-08	452769	105656
2008-09	439972	119742
2009-10	408844	112634
2010-11	403385	109185

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly